

# തെന്നൽ



ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ 2023-24


ജി എച്ച് എസ് എസ് പാല

# സന്ദേശം

പുതുവർഷത്തിൽപുത്തൻപ്രതീക്ഷകളുമായി
ലക്ഷ്യബോധത്തോടെ മുന്നേറുന്ന പാലാ
ഗവൺമെൻറ് ഹയർ സെക്കൻഡറി
സ്ക്രൂൾ ലിറ്റിൽ കൈറ്റ്സിന് എല്ലാവിധ
നന്മകളും നേരുന്നു. പുതിയ
കാലത്തിനനുയോജ്യമായ രീതിയിൽ
സ്വയം സജ്ജരാകാനും സമൂഹത്തെ
പ്രാപ്തരാക്കാനും  നിങ്ങളുടെ
ആത്മാർത്ഥമായ പ്രവർത്തനങ്ങൾക്ക്
കഴിയണം. ക്ലബ്ബിന് നേതൃത്വം നൽകുന്ന
സാരഥികൾക്കും ഒപ്പം മുന്നേറുന്ന
അംഗങ്ങൾക്കും മാഗസിനും
ആത്മാർത്ഥമായ ആശംസകൾ

ഗീത.എം.ജി

ഹെഡ്മിസ്ട്രസ്സ് GHSS പാല



# സന്ദേശം

2023-24 വർഷത്തെ
ലിറ്റിൽ കൈറ്റ്സിന്റെ
നേതൃത്വത്തിൽ
തയ്യാറാക്കിയ
ഡിജിറ്റൽമാഗസിൻകുഞ്ഞു
മനസ്സുകളുടെസർഗാത്മക
തപ്രകടിപ്പിക്കാനുള്ളവേദി
യാണ്. ഈ മാഗസിൻ
എല്ലാവരിലും ഒരു
ദീപമായ് പ്രകാശിക്കട്ടെ
എന്ന് ആത്മാർത്ഥമായി
ആശംസിക്കുന്നു

അബ്ദുൾ അസീസ് സി
സീനിയർ സ്റ്റാഫ്

# എഡിറ്റോറിയൽ

നേരം തെറ്റി വന്ന തണുപ്പ് രാത്രിയെ വിറപ്പിക്കുമ്പോൾ വേനൽ ചൂടിൽ പകൽ വിയർത്തൊലിക്കുന്നു. കര കടലിലും കാറ്റിലും ഉലഞ്ഞ് ചെറുവള്ളങ്ങൾ അനാഥമാക്കപ്പെട്ടു. കേട്ടറിഞ്ഞ് മാത്രം പരിചയമുള്ള ഏതോ ഒരു വൈറസ് മാഞ്ചോട്ടിനെയും ഒരു അവധിക്കാലത്തെയും നിശ്ചലമാക്കി. എന്നോ എന്തിനോ പെയ്തുതീർത്ത മഹാപ്രളയത്തിന്റെ മരവിപ്പ് ഇന്നും ബാക്കിയാവുന്നു. ആചാരവും നവോത്ഥാനവും ജ്യോതിയും മതിലുമായി ഉയർന്നപ്പോൾ.......കല്ലും കലാപവും മലയാളത്തിന്റെ ഉറക്കം കെടുത്തിയപ്പോൾ...നിറഞ്ഞുനിൽക്കുന്നത് ശ്രീ നഷ്ടപ്പെട്ട സ്ത്രീത്വം.

പത്തുമാസം പേറി നൊന്ത മാതൃത്വം ..സ്വപ്നങ്ങൾ കൂട്ടിവെച്ച് കൂടെയിറങ്ങിയ പെണ്ണ്...ഇവർക്കു മുന്നിൽ വെട്ടലും കുത്തലും കൊണ്ട് വികൃതമാക്കപ്പെട്ട പൗരുഷങ്ങൾ.

സുഹൃത്തെ ...
തിരിച്ചിറങ്ങാം നമുക്ക്
ചാറ്റിങ്ങും ചീറ്റിങ്ങും ഒഴിവാക്കി
തണലിടങ്ങളിൽ, വായനാമൂലകളിൽ
തുറന്ന ചർച്ചകൾക്കായ് സംവാദങ്ങൾക്കായ്
പേനത്തുമ്പിൽ മുറിഞ്ഞുവീഴാത്ത കൈവിരലുകളിൽ
ലഹരി പുകയുന്ന ഒരു നല്ല പുസ്തകവുമായി
ഒരു മൗസ് ക്ലിക്കിൽ കണ്ടറിയേണ്ട ചില കൗതുകങ്ങളിലേക്ക്......

# എഡിറ്റോറിയൽ ബോർഡ്






# നാൾ വഴികളിലൂടെ

1924ൽ പാലാ പ്രദേശത്ത് സ്ഥാപിതമായ ബോർഡ് ബോയ്സ്കൂളായ പാലാ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ ഇന്ന് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുകയാണ്. പാലാ സ്കൂളാണ് മുഴക്കുന്ന് പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ളത്. ഇന്നത് വളർന്ന ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ ആയിരിക്കുന്നു. മൂവായിരത്തോളം വിദ്യാർത്ഥികൾ ഇന്നിവിടെ പഠിക്കുന്നുണ്ട്. പാഠ്യപഠ്യേതര രംഗങ്ങളിൽ ഉയർന്ന നിലവാരം പുലർത്തുന്നു. അതുപോലെ തന്നെ കായിക രംഗത്ത് നിരവധി അന്താരാഷ്ട്ര താരങ്ങളെ സംഭാവന ചെയ്യുവാനും ഈ വിദ്യാലയത്തിന് സാധിച്ചു. പുല്ലാഞ്ഞോട് കുന്നുമ്മൽ നാരായണൻ നമ്പ്യാരുടെ വീടിനോട് ചേർന്ന് ഒരു ഷെഡ്ഡിലായിരുന്നു പാലാ സ്കൂളിൻറെ തുടക്കം. പിന്നീട് കാക്കയങ്ങാട് മായൻ്റെ മലഞ്ചരക്ക് സ്ഥാപനത്തിൻ്റെ മുകളിലത്തെ ഒരു കെട്ടിടത്തിലായിരുന്നു. പിന്നീട് പാലാ സ്കൂളിനായി കെ കെ ഗോവിന്ദൻ നമ്പ്യാരായിരുന്നു മൂന്നേക്കർ രണ്ടു സെൻറ് സ്ഥലം സൗജന്യമായി നൽകിയത്. 1950ൽ ഈ വിദ്യാലയം ബോർഡ് യുപി സ്കൂളായി മാറി. 1976ൽ ഹൈസ്കൂളായും , രണ്ടായിരത്തിൽ ഹയർ സെക്കന്ററി സ്കൂളും ആയി മാറി .ഇന്ന് ഈ വിദ്യാലയം സമീപ പ്രദേശത്തുള്ള ഏതു വിദ്യാലയങ്ങളെക്കാളും തല എടുപ്പോടെ നിരവധി കുരുന്നുകൾക്ക് അറിവിൻ്റെ വെളിച്ചം പകരുന്നു .കാലത്തിൻ്റെ മാറ്റങ്ങൾക്കനുസരിച്ച ഏറ്റവും നൂതനമായ രീതിയിലൂടെ കുട്ടികളിലേക്ക് അറിവിൻ്റെ വെളിച്ചം പകർന്ന്

നൽകുന്നു .നിരവധി പാഠ്യേതര, സാമൂഹിക പ്രവർത്തനങ്ങളിൽ ഇടപട്ടുകൊണ്ട് ഒരു നന്മ മരമായി , ഈ പ്രദേശത്തിന്റെ അഭിമാനമായി ഈ വിദ്യാലയം നിലകൊള്ളുന്നു. പി ടി എ യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 65 കുട്ടികളുള്ള പ്രീപ്രൈമറി വിഭാഗവും ഇവിടെ ഉണ്ട് . ഐ ടി @ സ്കൂളിന്റെ ഐ.സി.ടി മോഡൽ സ്കൂളായി പേരാവൂർ മണ്ഡലത്തിൽ നിന്നും GHSS പാല തിരഞ്ഞെടുക്കപ്പെട്ടു. കേരള സർക്കാറിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പേരാവൂർ നിയോജകമണ്ഡലത്തിൽ നിന്ന് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ തെരഞ്ഞെടുക്കപ്പെട്ടത് നമ്മുടെ വിദ്യാലയം.അഞ്ചുവർഷം കൊണ്ട് എല്ലാ മേഖലയിലും രാജ്യാന്തര നിലവാരം. ഇരുപതുകോടി രൂപയുടെ വികസനപ്രവത്തനങ്ങളാണിവ . വേറിട്ട ഹരിത ക്യാമ്പസ്,മികച്ച ഹൈടെക് ക്ലാസ് മുറികൾ,മെച്ചപ്പെട്ട ശുചിമുറികൾ ,അത്യാധുനിക പാചകശാല,ജൈവവൈവിധ്യ ഉദ്യാനം , സൗരോർജ്ജ സംവിധാനം,ശാസ്ത്രീയ മാലിന്യസംസ്കരണം , ഹരിത വൽക്കരണംതുടങ്ങി നല്ല സൗകര്യങ്ങളുള്ള മികച്ച വിദ്യാലയമായി മാറി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ പാല.കണ്ണൂർ ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട ഇരുപത്തിമൂന്ന് മാതൃക വിദ്യാലയങ്ങളുടെ കൂട്ടത്തിലെ ഒരു വിദ്യാലയമാണ് പാല വിദ്യാലയം.



# പ്രകൃതി എന്നും തുണ



പാതി ചാരിയ വാതിലിലൂടെ
പുലരിയിൽ വെളിച്ചം വന്നുവോ
ആരും കടക്കാത്ത എന്നുടെ വാതിലിൽ
ആഗതമായോ നീ എനിക്കു വേണ്ടി .

പറയാതെ വന്നു നീ എന്നുടെ ചുറ്റും
പുലരിയിൽ രശ്മികൾ എങ്ങുമെന്നിൽ
എൻ മിഴികൾ ചെന്നെത്താദൂരത്തിൽ
എന്നെ നീ കോണ്ട് പോകുന്നുവോ .

[പാതി ചാരിയ വാതിലിലൂടെ ]

നഫ്‌ല കെ കെ

8G

# *CONFIDENCE*

Confidence – The important thing that we should have in our life. Confidence is the piller of our life.

First we should realise the level of our confidence. I am realising my level of confidence confidence is the key to success .if you are confident along with the hard work you can achieve your life goals.

We are facing many problems .Think about the covid 19 situation and the flood in kerala .we are overcoming all that panic situations .That is the symbol of our confidence.

Many problems will come and go.But make a decision that.Idont give up my confidence .With this confidence keep a smile in your face and keep truth in your mind.

Confidence is the only thing that motivates me to write this essay .Idont know what will happen next in my life .But I will face them confidently .so always keep your confidente and shine line the sun confidenty

Nandalakshmi.R.Biju

10F



# വിഷാദത്തിൽ ആണ്ടുപോയ സ്വപ്നങ്ങൾ....

ലളിതമായ സ്വരങ്ങളോടെ
എൻ നിഴലായ് സമുദ്രതീരത്ത്
കണ്ടുനിന്നു ഞാൻ...
ജീവിതത്തിലേതോ നിമിഷം
കണ്ടുമുട്ടിയ ഹൃദയവേദന...!
എത്രയോ സുഖങ്ങളനുഭവിച്ചീടുമീ ...
പ്രാണവേദന മാറിയില്ലല്ലോ
തന്റെ ആഴബന്ധത്തെ
താനറിയാതെ മുന്നോട്ടുപോയി...!
ഔഷധമില്ലാത്ത ലഹരിയിൽ
ആണ്ടുപോയിരുന്നു ഞാൻ !
പ്രതലമെന്തെന്നറിയില്ല ശരിയേതെന്നറിയില്ല
താനൊരു പ്രണയതടവില-
പ്പെട്ടുപോയിരുന്നു...

**Vaidehi**

# ഇരുളിന്റെ തെളിച്ചം

എത്രയോ രാവുകൾ കടന്നുപോയി.....
എത്രയോ പകലുകൾ കടന്നുപോയി....
എന്നിട്ടും എന്തേ എൻപ്രിയ മനമേ....
ഉള്ളിലുള്ള ഇരുളിനെ നീയകറ്റിയില്ല....
വീണ്ടുമിതാ ഇരുൾ മൂടുന്നു....
ഹൃദയം മുറുങ്ങുന്ന നോവ്....വല്ലാതെ വേദനിക്കുന്നു....
വിരഹത്തിന്റെ നിഴൽ വന്നു മൂടുന്നു....
കാലത്തിന്റെ യാത്രയിൽ ഇതാ ഞാൻ കണ്ടെത്തി....
ഈ ഇരുളാണെന്റെ ജീവിതം.....
ഇതിലാണെന്റെ തെളിച്ചവും.....
ഇരിൾ മൂടിയ ഈ ഉള്ളം അത്രമേൽ പണിപ്പെട്ട് കണ്ടെത്തി....
അന്ധകാരത്തിന്റെ കൈയ്യൊപ്പ് പതിഞ്ഞ
മനസ്സിൽ പതിഞ്ഞ നക്ഷത്രവെണ്മയേ.....
സസ്യജാലങ്ങൾക്ക് സൂര്യനുണ്ട്....
കുഞ്ഞുങ്ങൾക്ക് സ്വപ്നങ്ങൾ....
പക്ഷികൾക്ക് ആകാശമുണ്ട്....
തൂലികക്ക് മഷിയുണ്ട്....
കടലാസിന് തൂലികയും.....
എല്ലാവർക്കുമുണ്ട് തന്നിൽ തെളിച്ചം നിറക്കുന്ന ഓരോ കണവും....
മനഷ്യർക്കുമുണ്ട് തന്റെ ജീവിതവും ബന്ധങ്ങളും....
എന്നിരുന്നാലും വിധിയേ....
നീ വീണ്ടും വീണ്ടുമെന്നെ തോൽപ്പിക്കുന്നു....
സീതയേ സ്വന്തമാക്കാൻ വന്ന രാമനെപ്പോലെ
എന്നിലേക്കായ് വന്ന എൻപ്രാണനേ....
നീയകറ്റി....
ഇന്നിതാ വിരഹം മൂടിയ ഈ ജീവിതത്തിൽ
ഇരുൾ പിടിമുറുക്കിയ ഈ ജീവിതത്തിൽ
തെളിച്ചം ആ ഓൽമ്മകളാണ്..
ആ ഓൽമ്മകൾ മാത്രം.....

സിലിയ സജീവൻ
Plus one



# ഒരു ട്രെയിൻ യാത്ര

പണ്ട് പണ്ട് രാമു എന്നൊരാളുണ്ടായിരുന്നു.ഒരു ദിവസം ഫോണിൽ നിന്നൊരു ശബ്ദം ട്രിങ് ട്രിങ് രാമു ഫോണെടുത്തു ഹലോ ആരാ മറുപടി ഇങ്ങനെ ഇതു രാമുവിന്റെ വീടല്ലേ രാമുവിന് ദേഷ്യം വന്നു മിസ്റ്റർ ചോദിച്ചതിന് ഉത്തരം പറയൂ.ഉത്തരം പെട്ടെന്നെത്തി ഇത് ഞാനാടോ നിന്റെ മാനേജർ.രാമു- സോറി സാർ.മാനേജർ- ഒരു സന്തോഷവാർത്ത പറയാനാണ് വിളിച്ചത്.നിങ്ങൾക്ക് കമ്പനി നാല് ദിവസത്തേക്ക് ലീവ് തന്നിരിക്കുന്നു.നിന്നെ വിളിച്ച് ശല്യപ്പെടുത്തുകയുമില്ല.രാമുവിന് വളരെ സന്തോഷമായി.അടുത്ത ദിവസം തന്നെ അയാൾ വീട്ടിൽ നിന്നിറങ്ങി, റെയിൽവേ സ്റ്റേഷനിലേക്ക് പോയി.കുറച്ചു സമയത്തിനകം ട്രയിൻ വന്നു.ട്രയിനിൽ കയറിയ ശേഷം ഒരു കുട്ടി യാചിക്കുന്നതു കണ്ട് നൂറു രുപ ആ കുട്ടിക്കു കൊടുത്തു. ഒന്നാം സ്റ്റേഷനിൽ വണ്ടി നിർത്തി.രണ്ടാം സ്റ്റേഷനിൽ ആയിരുന്നു രാമുവിന് ഇറങ്ങേണ്ടത്.രാമുവിന്റെ ആഗ്രഹം ഗോവയിൽ പോകണമെന്നായിരുന്നു. സ്റ്റേഷനിൽ ട്രയിൻ രണ്ടുമിനിട്ടു നിൽക്കുന്നതു കണ്ട് രാമു പുറത്തിറങ്ങി ഒരു ചായ കുടിച്ചതിനു ശേഷം വീണ്ടും ട്രയിനിൽ കയറി.അൽപ്പ സമയത്തിനു ശേഷം ട്രയിൻ യാത്ര തുടർന്നു.അതിനിടയിൽ രാമു തന്റെ പ്രിയപ്പെട്ട അമ്മയുടെ ഫോട്ടോ എടുക്കാൻ നോക്കിയപ്പോൾ ഫോട്ടോ കാൺമാനില്ല.പേഴ്സിലായിരുന്നല്ലോ

ഫോട്ടോ ഉണ്ടായിരുന്നത്.രണ്ടും പോയി....!രാമു എല്ലായിടത്തും തിരഞ്ഞു.പേഴ്സും ഫോട്ടോയും കിട്ടാത്തതിൽ അവന് വളരെയധികം സങ്കടമായി.ഇനിയെന്ത് ചെയ്യും എന്ന് ആലോചിച്ചിരിക്കുമ്പോഴാണ് നേരത്തെ നൂറ് രൂപ കൊടുത്ത കുട്ടിയതാ വരുന്നു.ഒരു പേഴ്സും ഫോട്ടോയും തന്റെ നേർക്കു നീട്ടി.

രാമു ചോദിച്ചു,ഇത് എവിടുന്നാ കിട്ടിയത്?ആ കുട്ടി പുഞ്ചിരിച്ചു കൊണ്ടു പറഞ്ഞു,ചേട്ടൻ ട്രയിനിൽ നിന്നിറങ്ങുമ്പോൾ വീണതാ. ഞാൻ കണ്ടു.എത്ര തിരഞ്ഞിട്ടും ചേട്ടനെ കണ്ടില്ല.അതാ വൈകിയത്. ഇത് കേട്ടപ്പോൾ രാമുവിന്റെ കണ്ണുകളിൽ വെള്ളം നിറഞ്ഞു.തന്റെ അമ്മയുടെ ഫോട്ടോ നോക്കി ഒന്നു പുഞ്ചിരിച്ചു.എന്നിട്ട് പേഴ്സിൽ നിന്നും അഞ്ഞൂറു രൂപയെടുത്തു.എന്നിട്ടു പറഞ്ഞു,ഈ ലോകത്ത് സത്യത്തിന്റെ മാർഗത്തിൽ സഞ്ചരിക്കുന്നവർ വളരെ കുറവാണ്.നീ എന്നും എപ്പോഴും സത്യത്തിന്റെ മാർഗത്തിലേ സഞ്ചരിക്കാവൂ.പിന്നീട് ആ അഞ്ഞൂറ് രൂപ നോട്ട് ആ കുട്ടിക്ക് കൊടുത്തു.അതിനു ശേഷം എപ്പോഴൊക്കെ രാമു ട്രെയിൻ എന്ന് കേൾക്കുമ്പോഴും ഈ സംഭവങ്ങൾ ഓർക്കും.

ശിവരഞ്ജിനി കെ.ഐ
Plus One





# *EDUCATION*

**Nature is an important and integral part of mankind. It is the one of the greatest blessing of human life; however, nowadays human fail to recognize it as one. Nature has been an inspiration for numerous poets, writers ,artists and more of yesteryears. This is remarkable creation inspiration to write poems and stories in the glory of it. They truely valued nature which reflects in their works even today. Essentially nature is everything we are surrounded by like the water we drink, the air we breath, the sun we soak in, the birds we hearing chirping, the moon we gaze at and more. Above all, it is rich and vibrant and consist of both living and non living things.**

**Therefore, people of the modern age should also learn something from people of yesteryears and start valuing nature before it gets too late.**

FIDHA K K
9-E

# അന്യമാകുന്ന ബന്ധങ്ങൾ
# വഴിമാറുന്ന ബന്ധങ്ങൾ

**ആമുഖം:**

കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം. അതുപോലെതന്നെയാണ് മറ്റുപല ബന്ധങ്ങളും മനുഷ്യരുടെ ജീവിതത്തോട് ചേർന്നിരിക്കുന്നു.'മനുഷ്യരെല്ലാം ഒന്നുപോലെ ' എന്ന വരികളോട് തികച്ചും സാമ്യം പുലർത്തുക എന്നതാണ് ഓരോ ബന്ധങ്ങളുടെ മറ്റൊ രു തലം. കുടുമ്പബന്ധം,സുഹൃത് ബന്ധം, സഹോദരബന്ധം, എന്നിങ്ങനെ ഒട്ടനവധി ബന്ധങ്ങൾ മനുഷ്യൻ തന്റെ ജീവിത കാലയളവിൽ സൃഷ്ടിക്കുന്നു. ബന്ധങ്ങളുടെ ഇഴടുപ്പം എങ്ങനെയെല്ലാം,അതിന്റെ ധൃഢത എന്നിങ്ങനെയുള്ള ഒട്ടനവധി വിഷയങ്ങൾ ഇതിനാധികാരമായി മാറുന്നു.

**വിവരണം:**

'കാലം മാറുമ്പോൾ കോലം മാറണം' എന്ന വരികളിൽ മനുഷ്യരുടെ മനം ചുരുങ്ങുന്നു എന്ന യാഥാർത്ഥ്യമാണ് ഓരോ ബന്ധത്തിന്റെയും ധൃഢത അറ്റുപോവുന്നതിന് തികച്ചും കാരണമാവുന്നതും സത്യമാവുന്നതും. ഒരു മനുഷ്യന്റെ ഏറ്റവും വലിയഭാഗം ചിലഴിക്കപ്പെടുന്നത് കുടുംബങ്ങളിലാണ് അല്ലെങ്കിൽ വീട്ടിലാണ് എന്ന് പറയാം. ഏറ്റവും നിതാനമായ കാഘട്ടവും ഇതുതന്നെയാണ്. കാലങ്ങൾക്കനുസരിച്ച് മനുഷ്യൻ മാറുന്നു,കുടുംബങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ ചുരുങ്ങുന്നു.കുടുമ്പം കേവലം മാതാപിതാക്കളും കുട്ടികളും അടങ്ങുന്ന അണുകുടുംബം

ആണെന്ന് പറയാൻ സാധിക്കുന്നതല്ല.കൂട്ടുകുടുബ വ്യവസ്ഥയിലെ ചുറ്റുപാടും സംസ്കാരവും ഒരേ വ്യക്തികൾ തമ്മിലും ഇഴയടുപ്പം സൃഷ്ടിക്കുന്നുണ്ട്. മനുഷ്യൻ തന്റെ ഓരോ കാലഘട്ടത്തിലും ശീലിക്കേണ്ടതായ പല നീക്കങ്ങളും കുടുംബബന്ധങ്ങളിൽ നിന്നാണ് ആരംഭിക്കുന്നത്. 'കുടുംബബന്ധം' എന്ന വാക്കിൽ നിന്നും തികച്ചും അന്വർത്ഥമാകുന്ന രീതിയിലാണ് ഇന്ന് തലമുറ നീങ്ങുന്നത്. ഒരുമുറിക്കുള്ളിൽ തന്റേതായ ലോകത്തേക്ക് മാത്രമായി സഞ്ചരിക്കപ്പെടുന്ന ഓരോ വ്യക്തിയും സമൂഹത്തിൽ ഒറ്റപ്പെടാൻ അനുഭവിക്കുന്നു എന്നതാണ് പരമമായ സത്യം.

'ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട'എന്ന പഴഞ്ചൊല്ലിനാസ്പദമായി ഓരോ സുഹൃത്ബന്ധവും നമുക്ക് വിഗ്രഹിക്കാം.കേവലം ഒരുമിച്ച് നടക്കുന്നവയാണ് സുഹൃത്ബന്ധമെന്ന തെറ്റായ ധാരണയാണ് ഈ ബന്ധങ്ങളുടെ പ്രാധാന്യം നിറമില്ലാതാക്കുന്നത്.സുഹൃത്തിനെപ്പോലും വിശ്വസിക്കാത്ത ഒരു കൂട്ടം ജനത ഇന്ന് ജിനിക്കുന്നുവോ?എന്നിങ്ങനെ ബന്ധങ്ങളുടെ വഴിമാറലിന് കാരണങ്ങൾ ചികയുമ്പോൾ ഈ ചോദ്യം ഉന്നയിക്കപ്പെടുകയാണ്. മനസ്സ് ശുദ്ധമായാൽ, മറ്റുള്ളവരോടുള്ള പെരുമാറ്റവും നന്നാവുന്നു.ഒരു നല്ല സുഹൃത്ത് എന്നത് ഒരു നല്ല പുസ്തകത്തോട് ഉപമിക്കാവുന്നതാണ്. പല സുഹൃത്ത് ബന്ധങ്ങളും കേവലം ചെറിയ തെറ്റുദ്ധാരണയ്ക്കു പുറത്താണ് ഇല്ലാതാവുന്നത് എന്നതാണ് യാഥാർത്ഥ്യം:

ബന്ധങ്ങളുടെ വളരെ വിശാലമായ ലോകം പല വഴികളായി മാറ്റിയിട്ടുണ്ട്. 'തന്റെ അയൽക്കാരനെ സഹോദരനെ പോലെ കാണുക' എന്ന ചിന്ത മനുഷ്യബന്ധങ്ങളിൽ ഇന്നുണ്ടോ എന്ന ചോദ്യമാണിന്നിവിടെ പ്രാധാന്യം അർഹിക്കുന്നത്. സഹോദരബന്ധങ്ങൾ പോലെ തന്നെയാൽ

അയൽക്കാരബന്ധവും'ഉള്ളവൻ ഇല്ലാത്തവനു കൊടുക്കുക' എന്ന ചിന്ത ഇന്നത്തെ മാനവികതയിൽ നിലനിൽക്കുന്നുണ്ടോ എന്നതിന് കൃത്യവും ധൃഢവുമായ ഉത്തരം 'സ്വാർത്ഥ അനുവധിക്കുന്നില്ല' എന്നത് തന്നെയാണ്. അയൽക്കാരെ ശത്രുക്കളായി, പ്രദേശം പോർക്കളമായി മാറ്റിനിർത്തിക്കൊണ്ട് പോരാടുന്ന ജനതയാണ് ഇന്ന് ദൃശ്യമാവുന്നത്.

ബന്ധങ്ങൾ പലതും മനുഷ്യരുടെ ഹൃദയത്തോട് ചേർത്തുനിർത്തുന്നതാവും.സഹോദരബന്ധം ഇതിനുത്തമ ഉദാഹരണമാണ്.പക്ഷേ, സഹോദരനെപ്പോലും ഒരു പന്തയത്തിലെ മറ്റൊരു എതിരാളിയെപ്പോലെ കാണുന്ന ജനതയെ ആണ് ദൃശ്യമാവുന്നത്. കുടുംബബന്ധങ്ങൾ പലതും വഴിമാറുമ്പോൾ സഹോദരബന്ധവും മറ്റൊരു അതാര്യമായ ലോകത്തുമായുന്നു എന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കേണ്ടതുണ്ട് നല്ലൊരു ബന്ധം സൃഷ്ടിക്കപ്പെടാൻ സാധ്യമാകാത്ത മനുഷ്യർ മനസ്സുകൊണ്ട് ചെറുതാവുന്നു.

മനുഷ്യബന്ധങ്ങൾ തികച്ചും ഒരു ദുർവിചാരങ്ങളും ലക്ഷ്യങ്ങളും വച്ചാണ് ആരംഭിക്കപ്പെടുന്നത്.ഒരാളുടെ ആവശ്യങ്ങൾ സഫലമാകുന്നതിനുവേണ്ടി പലവിധ നാടകങ്ങളും മോഹങ്ങളും ഇഴയടുപ്പം സൃഷ്ടിക്കുന്നതിനുവേണ്ടി നടത്തുന്നു.

'സ്വാർത്ഥത' എന്ന ഒറ്റവാക്കിലൂടെ ഈ വിചാരങ്ങളെയും ബന്ധങ്ങളെയും നമുക്ക് സ്വാംശീകരിക്കാം. 'കേരളം ഒരു ഭ്രാന്താലയം' എന്ന സ്വാമിവിവേകാനന്ദന്റെ വാക്കുകളിൽ പ്രതിഫലിക്കപ്പെടുന്നത്,മതസൗഹാർദ്ദപരമായ കേരളം ഏറെ പിന്നിലാണെന്ന യാഥാർത്ഥ്യമാണ്.ബന്ധങ്ങൾ പലതും മതങ്ങളിലേക്കും പിന്നീട് തർക്കങ്ങളിലേക്ക്

വഴിമാറുന്നു.മതസൗഹാർദ്ദ ബന്ധങ്ങൾ ഇന്ന് തികച്ചും ഉന്നയിക്കപ്പെടുന്ന ആശയമാണ്. മനുഷ്യരുടെ സ്വാർത്ഥതയും തർക്കങ്ങളും മറ്റും പല വിധമായി വഴിമാറുന്നു എന്നതാണ് യാഥാർത്ഥ്യം.

പുതുതലമുറയുടെ അഭിരുചികൾ തികച്ചും ഇലക്ട്രോണിക് സാധ്യതകളുമായി ബന്ധം പുലർത്തിയിരിക്കുകയാണ്. മറ്റു പല ബന്ധങ്ങളുടെയും വഴിമാറലിനും തർക്കങ്ങൾക്കും സോഷ്യൽ മീഡിയ പങ്ക് വഹിക്കുന്നു. കുടുംബഹന്ധങ്ങൾ പോലും ഈ വർണ്ണക്കാഴ്ച്ചകളുടെ ലോകത്ത അറ്റു പോവുന്നു എന്നതാണ് സത്യം. കാലങ്ങളുടെ തുടർച്ചയായുള്ള കോലം മാറൽ എന്നതുകൊണ്ട് ഇലക്ട്രോണിക് സാധ്യതകളുമായി അഭിരമിക്കുന്ന ജനതയെ തന്നെ പറയാം.ബന്ധങ്ങളുടെ  ചെറിയ വിള്ളൽ പോലും ഇവരെ ദുഃഖത്തിലാഴ്ക്കുന്നു എന്നതും, ജീവിതം അവസാനിപ്പിക്കാൽ എന്നതും തികച്ചും നിഗൂഢമായ സത്യം തന്നെയാണ്. ലഹരിമാഫിയ ബന്ധങ്ങളാണ് ഇന്നത്തെ കാലഘട്ടത്തിൽ ഏറെ പ്രസക്തമായി കാണപ്പെടുന്നത്.ഒരു മനുഷ്യന്റെ ഏറ്റവും പ്രധാനമായ കാലഘട്ടം എന്നത് അവന്റെ ബാല്യകാലമാണ്. വിദ്യാർത്ഥിസമൂഹത്തിലെ ലഹരിബന്ധം അവരുടെ മറ്റു പല ബന്ധങ്ങളെയും വൈകാരികമായി ബാധിക്കപ്പെടുന്നു.ബന്ധങ്ങൾ അറ്റുപോവുന്നതിന് പല കാരണങ്ങളും ഇന്ന് ഉണ്ടാവുന്നു എന്നതാണ് സത്യം.

ഉപസംഹാരം:

പല ചിന്തകളും പല ലക്ഷ്യങ്ങളും പല ബോധങ്ങളും ഉള്ളവരാണ് മനുഷ്യൻ.എന്നാൽ ഇവയുടെയെല്ലാം ഓരോ മാധുര്യമാർന്ന കാഴ്ച്ചപ്പാടാണ് ഓരോ ബന്ധങ്ങളും ഉണ്ടാക്കപ്പെടുന്നത്. 'ബന്ധം' എന്നതുകൊണ്ട് സമൂഹത്തിൽ ഉന്നയിക്കപ്പെടുന്നത്, മനുഷ്യരുടെ വൈകാരിക തലം അറിയുക എന്നതാണ്.എന്നാൽ ബന്ധങ്ങളുടെ വഴിമാറലിലൂടെ മനുഷ്യരുടെ ചിന്തകളും സ്വപ്നങ്ങളും ചുരുങ്ങുന്നു. 'മാവേലി നാടുവാണീടും കാലം



# IMPORTANCE OF TEACHER

.On several occasions a student may find it difficult to understand a lesson or might be visibly uncomfortable in class.

.The teacher takes up the responsibility of counselling the student in such a situation and providing proper advice or guidance.

.It is the teachers job to help a student understand the small ways in which a critical condition can be dealt with.

.The life of a child is molded by the teachers that teach them and the parents who guide
them.

Fidha E

9E

# കാക്കയുടെ സൗഹൃദം

ഒരു ദിവസം ഒരു കുട്ടി ചെടികൾക്ക് വെള്ളം ഒഴിച്ചതിനുശേഷം പൈപ്പ് നന്നായി അടിച്ചില്ലായിരുന്നു.അതിൽ നിന്ന് തുള്ളിത്തുള്ളിയായി വെള്ളം വീഴുന്നുണ്ടായിരുന്നു. അപ്പോൾ ദാഹിച്ച് വലഞ്ഞ് വന്ന ഒരു കാക്ക ആ വെള്ളം കണ്ടു. കാക്ക പൈപ്പിന്റെ അടുത്ത് വന്ന്കുറച്ച് വെള്ളം കുടിച്ചു . കാക്ക തന്റെ കൂട്ടുകാരന്റെ വിളിക്കാൻ പോയി അപ്പോൾ ആ കുട്ടി വെള്ളം വീഴുന്നത് കണ്ട് പോയി പൈപ്പ് നന്നായി അടച്ചു . കാക്ക കൂട്ടുകാരനുമായി വന്നപ്പോൾ വെള്ളം ഇല്ല. കാക്ക പറന്ന് പോകുമ്പോൾ ആണ് അടുത്ത് ഒരു വീടു പണി നടക്കുന്നത് കണ്ടത്. അവിടെ ഉള്ള ഒരു ഡ്രമ്മിൽ നിറയെ വെള്ളം ഉണ്ടായിരുന്നു. കാക്കയും കൂട്ടുകാരനും പോയി ഡ്രമ്മിലെ വെള്ളം ആവശ്യത്തിന് കുടിച്ച് പറന്ന് പോയി.

# മന്ദമാരുതൻ

എന്റെ അഴകിനെയും
എന്റെ നോവിനെയോ
എന്റെ ഓർമ്മയെയോ
എന്തിനെയാണി കാറ്റ് തഴുകുന്നത്
എന്റെ നിശ്വാസമായ്
അതോ എന്നിലെ നിഴലായോ
എനിക്കന്റെ വെളിച്ചത്തിലെ
ജ്വാലയായോ?
എന്തിനെയോ നി തഴുകുന്നു?
എന്റെ രോദനം അറിയാതെ
തുടയ്ക്കുന്ന തുവാലയോ നീ?
എന്റെ സന്തോഷത്തിൽ പങ്കു ചേരുന്ന
പുഞ്ചിരിയോ?
എന്നെ ചിരിപ്പിക്കുന്ന മാന്ത്രികനോ?
എന്റെ ഓർമ്മകളെ എന്നിലേക്ക്
തഴുകുന്ന സ്നേഹിതനോ?
ആരാവുന്നു ഈ കാറ്റ്
നിന്നെ ഞാനെന്റെ അഴകായ്
ഓർമ്മയായ്,പുഞ്ചിരിയായ്
കുളിർ പകരുന്ന,നോവിനെ തളർത്തുന്ന
മന്ദമാരുതനായ് കരുതട്ടെ!



അശ്വിത സി.കെ
Plus One



# LIFE

Life is beautiful but not always easy, it has problems, too, and the challenge lies in facing them with courage,letting the beauty of life act like a blam, which makes the pain bearable, during trying times,by providing hope

happiness,sorrow,victory,defeat,day-night are the two sides of the me coin.similarly life is full of moments of joys,pleasure,success and comfort punctuated by misery,defeat,failure and problems.there is no human being on earth,strong,powerful,wise or rich,who has not experienced,struggle,suffering or failure.

Gouri vinayan
Plus One



# എന്റെ കേരളം

പാടും പുഴകളും തോടും -മോടി
കൂടും മലരണിക്കാടും
നീളേ കളകളം പാടും -കാട്ടു
ചോലയുമാമണി മേടും
വെള്ളിയരഞ്ഞാണ പോലെ -ചുറ്റും
തുള്ളിക്കളിക്കും കടലും
കായലും നീല മലയും -നീളേ
കോരിത്തരിക്കും വയലും
പീലിനിവർത്തിനിന്നാടും -കൊച്ചു
കേരമരതകത്തോപ്പും
നീളേ കുളിരൊളി തിങ്ങി- എന്റെ
കേരളമെന്തൊരു ഭംഗി

മെൽബിയ സിനേഷ് 2 A

# സ്ത്രീയും ധനവും

സ്ത്രീതന്നെയേറ്റവും വലിയധനം
സത്രീ പുരുഷന്മാരൊരമ്മ
പെറ്റരണ്ടുമക്കൾ പിന്നവൾ
ക്കെന്തിനു വേറൊരുധനം
പ്രകൃതിതൻനിറം ഭാവമാം
സ്ത്രീക്കെന്തിനുപുരുഷൻ
തൻ മാനം കളയും സ്ത്രീനനമെ-
ന്നൊരു നീതിയില്ലാധനം

ദേവശ്രീ.ഡി
IX E

# ചീരപ്പാട്ട്

വട്ടത്തിൽ കുഴി കുത്തിചെഞ്ചീര
നീളത്തിൽ തടമിട്ടി
ട്ടങ്ങനെ പാവണം ചെഞ്ചീര
വെണ്ണീരണിയണം ചെഞ്ചീര
വെള്ളം നനയണം ചെഞ്ചീര
മാവോളം പൊന്തണം  ചെഞ്ചീര
എങ്ങനെ നുള്ളണം  ചെഞ്ചീര
എങ്ങനെ അരിയണം ചെഞ്ചീര
നന്നതനെ അരിയണം ചെഞ്ചീര
എങ്ങനെ വെക്കണം ചെഞ്ചീര
മുറ്റത്ത് നിക്കണ ചെന്തെങ്ങിന്റെ
താഴത്തെ മൂത്തൊരു വന്നങ്ങ
കൊത്തിയറക്കണം വന്നങ്ങ
തട്ടിപ്പൊളിക്കണം വന്നങ്ങ
മുട്ടിയുടയ്ക്കണം  വന്നങ്ങ
കറുകറെ ചെരകണം വന്നങ്ങ
നീട്ടിയരയ്ക്കണം വന്നങ്ങ
ചളപുള കെളയ്ക്കണം വന്നങ്ങ
അങ്ങനെ വെക്കണം ചെഞ്ചീര
ആരാരു കൂട്ടണം ചെഞ്ചീര
അമ്മാവൻ കൂട്ടണം ചെഞ്ചീര

# ബുദ്ധിയുള്ള ആട്ടിൻകുട്ടി

ഒരു ഗ്രാമത്തിൽ നല്ല ബുദ്ധിയുള്ള ഒരു ആട്ടിൻകുട്ടിയുണ്ടായിരുന്നു. ഒരു രാത്രി അവൻ പേടിച്ചു ഞെട്ടിയുണർന്നു.അതാ ഒരു ചെന്നായ.തന്നെ കടിച്ചു കൊല്ലാൻ തയ്യാറായി നിൽക്കുന്നു.പെട്ടെന്ന് രക്ഷപെടാൻ ഒരുപായം ആട്ടിൻകുട്ടിക്ക് തോന്നി.ചേട്ടാ ചേട്ടന് ആഹാരമാകാൻ എനിക്ക് സന്തോഷമേയുള്ളൂ.പക്ഷേ ഞാനിപ്പോൾ മെലിഞ്ഞിരിക്കുകയാണ്.രോഗം വന്നതാണ് കാരണം.ഒരു മാസം  കഴിഞ്ഞുവരു.ഞാൻ ആപ്പോഴേക്കും നന്നായി തടിച്ചു വളരും.ചെന്നായ സമ്മതിച്ചു തിരിച്ചു പോയി.പിറ്റേന്നു രാവിലെ ആട്ടിൻകുട്ടി വിവരം യജമാനനെ അറിയിച്ചു.യജമാനനൻ വേണ്ട മുൻകരുതലുകൾ എടുത്തു.ഒരു മാസം കഴിഞ്ഞ് ചെന്നായ എത്തി.ആട്ടിൻ കുട്ടി ഒന്നു കരഞ്ഞു.പെട്ടെന്ന് യജമാനനൻ ഒരുക്കി നിർത്തിയിരുന്ന പട്ടികൾ രണ്ടും കുതിച്ചു ചാടി ചെന്നു.ഭടൻ വടിയുമായെത്തി.ചെന്നായയുടെ കഥയും കഴിഞ്ഞു.കണ്ടോ ബുദ്ധിപ്രയോഗിച്ചുള്ള നേട്ടം..



കാവേരി
III.C



# കേരളം

മലയാളഭാഷയെൻ കേരള നാട്
കേരങ്ങളെന്നും നിറഞ്ഞ എൻ നാട്
കേദാര ഭംഗിയിൽ നിറഞ്ഞയെൻ കേരളം
കേരള പ്രകൃതിയെൻ നാടിന്റെ സൗന്ദര്യം
കഥകളി തിളക്കമെൻ നാട്
മലയോരങ്ങളാൽ തിളക്കമേറിയെൻ നാട്
സ്നേഹങ്ങൾ കൊണ്ട് നിറഞ്ഞ നാട്
അറിവിന്റെ വേഗതയെൻകേരളം
ദയാദാക്ഷണ്യം നിറഞ്ഞയെൻ നാട്
സൗന്ദര്യമുള്ളയെൻ കേരളം
ജീവന്റെ ധാരയൊഴുകുന്ന നാട്
ആറു പുഴകളും ഒഴുകുന്ന നാട്
ധീരൻമാരുടെ നാടെൻ കേരളം
എൻ ജീവന്റെ ജീവനെൻ കേരളം
എൻ ജീവന്റെ ജീവനെൻ കേരളം

# ക്യാമറ കണ്ണിലൂടെ











